എം.എസ്.എ റസാഖ്



# വെള്ളത്തിന്റെ മിതോപയോഗം ശീലമാക്കുക

عَنْ عَبْدِ اللَّهِ بْنِ عَمْرِو بْنِ العاص رضي الله عنهما أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَرَّ بِسَعْدٍ وَهُوَ يَتَوَضَّأُ فَقَالَ: مَا هَذَا السَّرَفُ يَا سَعْدُ؟ قَالَ: أَفِي الْوُضُوءِ سَرَفٌ؟ قَالَ: نَعَمْ وَإِنْ كُنْتَ عَلَى نَهَرٍ جَارٍ (رواه احمد وابن ماجه. قال الشيخ احمد الشاكر اسناده صحيح و حسنه الشيخ الالبانى في سلسلة الاحاديث الصحيحة)

**അബ്ദുല്ലാഹിബ്നു അംറി(റ)ൽനിന്ന് നിവേദനം: വുദൂ ചെയ്തുകൊണ്ടിരുന്ന സഅ്ദിന്റെ അരികിലൂടെ റസൂൽ (സ) നടന്നുപോയി. നബി (സ) സഅ്ദിനോട് ചോദിച്ചു: "സഅ്ദേ, ഈ അമിതവ്യയം എന്താണ്?" "വുദൂവിലും അമിതവ്യയമോ പ്രവാചകരേ?" – സഅ്ദ് ചോദിച്ചു. അവിടുന്ന് പറഞ്ഞു: "അതേ, ജലോപയോഗത്തിലും അമിതവ്യയമുണ്ട്; ഒഴുകുന്ന ഒരു നദിയിൽനിന്നാണ് നീ വുദൂ എടുക്കുന്നതെങ്കിലും" (അഹ്മദ്, ഇബ്നുമാജ റിപ്പോർട്ട് ചെയ്തത്. ഇതിന്റെ നിവേദക പരമ്പര സ്വഹീഹാണെന്ന് ശൈഖ് അഹ്മദ് ശാകിറും, ഈ ഹദീസ് ഹസനാണെന്ന് ശൈഖ് അൽബാനിയും പറയുന്നു).**

ജലോപയോഗത്തിൽ പാലിക്കേണ്ട മര്യാദയും സംസ്കാരവും പഠിപ്പിക്കുകയും ജലത്തിന്റെ അമിതോപയോഗം പാടില്ലെന്ന് നിർദേശിക്കുകയുമാണ് ഈ ഹദീസിലൂടെ. മനുഷ്യന്റെ മൗലികാവശ്യങ്ങളിൽ വളരെ പ്രധാനമാണ് ജലം. ജലത്തിൽനിന്നാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ളത്. ജീവന്റെ അടിസ്ഥാനം ജലമാണ്. ജീവകോശത്തിന്റെ മുഖ്യ ഭാഗം ജലം തന്നെ. ദൈവാസ്തികൃത്തിനുള്ള തെളിവാണ് മഴമേഘങ്ങളും ജലവർഷവും. മനുഷ്യരുൾപ്പെടെ സകല ജീവജാതികളും ജലത്തെ ആശ്രയിച്ചാണ് കഴിയുന്നത്. കുടിക്കാനും കുളിക്കാനും ദൈനം ദിന ജീവിതാവശ്യങ്ങൾക്കും കൃഷിക്കും വൈദ്യുതി ഉൽപാദിപ്പിക്കാനും നിർമാണപ്രവർത്തനങ്ങൾക്കുമെല്ലാം ജലം അനിവാര്യഘടകമാണ്. മതിയായ ജലത്തിന്റെ അഭാവത്തിൽ മനുഷ്യന്റെയും ജീവികളുടെയും വൃക്ഷങ്ങളുടെയും കൃഷിയുടെയുമെല്ലാം നിലനിൽപ്പ് അപകടത്തിലാകും.

ജലം അമൂല്യനിധിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഭൂമിയിലുള്ള ആകെ വെള്ളത്തിന്റെ 97%-വും ഉപ്പുവെള്ളമാണ്. 3% മാത്രമാണ് ശുദ്ധ ജലം. അതിൽ കുടിക്കാൻ പറ്റുന്ന ലഭ്യമായ വെള്ളം കേവലം ഒരു ശതമാനം മാത്രമാണെന്ന് ശാസ്ത്രീയ പഠനങ്ങൾ പറയുന്നു. മനുഷ്യൻ നടത്തിക്കൊണ്ടിരിക്കുന്ന വികസനപ്രവർത്തങ്ങളുടെയും നിർമാണങ്ങളുടെയും അശാസ്ത്രീയതയും പ്രകൃതിക്കിണങ്ങാത്ത വിധവുമുള്ള നഗരവൽക്കരണത്തിന്റെയും അനിവാര്യഫലമെന്നോണം ശുദ്ധജലസ്രോതസ്സുകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ലഭ്യമായ ജലസ്രോതസ്സുകൾ മലിനമാക്കുകയും നികത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ജലാശയങ്ങളും നീർച്ചാലുകളും തോടുകളും വയലുകളും കുളങ്ങളും നികത്തിയതും കുത്തകക്കമ്പനികളുടെ അനിയന്ത്രിത ജലമൂറ്റും രാജ്യത്തെ അതിരൂക്ഷമായ വരൾച്ചയിലേക്ക് തള്ളിവിടുന്നു. പ്രകൃതിയുടെ ആവാസവ്യവസ്ഥ തകിടം മറിഞ്ഞ് മഴയുടെ തോത് നാൾക്കുനാൾ കുറഞ്ഞുവരുന്നു.

ആഗോള താപനം അനുസ്യൂതം വർധിച്ചുകൊണ്ടിരിക്കുന്നുവെന്നും 21-ാം നൂറ്റാണ്ടിൽ ഉഷ്ണതരംഗങ്ങളുടെ തീവ്രതയും ദൈർഘ്യവും കൂടാൻ സാധ്യതയുണ്ടെന്നും ലോക കാലാവസ്ഥാ സംഘടന നിരീക്ഷിക്കുന്നു. ഉഷ്ണതരംഗം നീണ്ടാൽ ജലലഭ്യതയും ജലവിതരണവും പ്രതിസന്ധിയിലാകുമെന്നും ശാസ്ത്രജ്ഞർ പറയുന്നു. ഈ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ജലോപയോഗത്തിൽ അമിതവ്യയം പാടില്ലെന്നും മിതത്വം പാലിക്കണമെന്നുമുള്ള പ്രവാചകന്റെ നിർദേശം ഏറെ കാലികപ്രസക്തമാണ്. ഒഴുകുന്ന നദിയിൽ നിന്നാണ് വുദൂ എടുക്കുന്നതെങ്കിൽ പോലും ജലത്തിന്റെ അമിതോപയോഗം അനഭിലഷണീയമാകുന്നു. ''ശുദ്ധീകരണത്തിന് ജലം ഉപയോഗിക്കുന്നതിൽ അമിതവ്യയം അനുവദനീയമല്ലെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായമുള്ളവരാണ്; അത് നദിയിൽനിന്നാണെങ്കിൽ പോലും'' (ഇമാം നവവി). ഇമാം ബുഖാരി പറയുന്നു: "വുദൂ എടുക്കുമ്പോൾ നിർബന്ധമായും കഴുകേണ്ടത് ഓരോ പ്രാവശ്യമാണെന്ന് നബി (സ) പഠിപ്പിച്ചു. അവിടുന്ന് മൂന്നു പ്രാവശ്യം വരെ അവയവങ്ങൾ കഴുകി. മൂന്നിൽ കൂടുതൽ ചെയ്തിട്ടില്ല. ഈ അടിസ്ഥാനത്തിൽ വുദൂവിൽ വെള്ളം അമിതമായി വ്യയം ചെയ്യുന്നത് (ഇസ്റാഫ്) പണ്ഡിതന്മാർ അനിഷ്ടകരമായി (മക്റൂഹ്) കരുതുന്നു'' (*സ്വഹീഹുൽ ബുഖാരി* 1/39). ഹനഫീ മദ്ഹബിന്റെ വീക്ഷണത്തിൽ വെള്ളം മിതമായി ഉപയോഗിക്കേണ്ടത് വുദൂവിന്റെ മര്യാദയിൽ (അദബ്) പെട്ടതാകുന്നു (*അൽ ബദാഇഉസ്സനാഇഅ്* 1/23). ഇമാം ബഗവിയെ പോലുള്ളവർ, വുദൂവിന് വെള്ളം ഉപയോഗിക്കുന്നതിൽ അമിതവ്യയം ചെയ്യുന്നത് ഹറാമിന്റെ പരിധിയോളം എത്തുമെന്ന് പറയുന്നു.

ജലത്തിന്റെ ഉപയോഗത്തിൽ നാം വളരെയധികം മുന്നിലാണ്. വസ്ത്രം കഴുകുന്നതിലും പാത്രങ്ങൾ വൃത്തിയാക്കുന്നതിലും വാഹനങ്ങൾ കഴുകുന്നതിലും കുളിക്കുന്നതിലും വുദൂ ചെയ്യുന്നതിലും പ്രാഥമികാവശ്യങ്ങൾക്കും ജലം ആവശ്യത്തിൽ കവിഞ്ഞ് യഥേഷ്ടം ഉപയോഗിക്കുന്ന ശീലമുള്ളവരാണ് മലയാളികൾ. ആവശ്യത്തിൽ കവിഞ്ഞ ജലം ഉപയോഗിക്കുന്നത് മതദൃഷ്ടിയിൽ തെറ്റും ധൂർത്തുമാകുന്നു. ജലോപയോഗം നിയന്ത്രിച്ചും ദുർവ്യയം ഒഴിവാക്കിയും മിതമായ രീതിയിൽ ജലം ഉപയോഗിച്ച് ശീലിക്കാനാണ് ഹദീസ് നൽകുന്ന പാഠം. സഅ്ദുബ്നു അബീവഖ്ഖാസി(റ)ന്റെ ധാരണ, ആരാധനാ കർമങ്ങൾക്കും ദൈവാനുസരണപ്രേരിതമായ പ്രവർത്തനങ്ങൾക്കും അമിതവ്യയം ബാധകമാകില്ല എന്നായിരുന്നു. അതുകൊണ്ടാണ് വുദൂവിലും അമിതവ്യയമോ എന്നദ്ദേഹം പ്രവാചകനോട് സംശയം പ്രകടിപ്പിച്ചത് (*മിശ്കാത്തിന്റെ* വ്യാഖ്യാനമായ *മിർഖാത്തുൽ മഫാതീഹ്*). ●